മനഃസ്പർശം

ഡോ. ഉമർഫാറൂഖ് എസ്.എൽ.പി



# ലക്ഷ്യബോധം വളർത്തൽ

‘എന്റെ മകൻ പഠിച്ച് ഡോക്ടറാകണം. എഞ്ചിനീയറാകണം. ഐ.എ.എസ്സ് ഓഫീസറാകണം’ ഇങ്ങനെ, താൻ ഉദ്ദേശിച്ച ലക്ഷ്യത്തിലേക്ക് കുട്ടിയെ എത്തിക്കാൻ മാതാപിതാക്കൾ പാടുപെടുകയാണിന്ന്. കുട്ടിയുടെ ഇഷ്ടാനിഷ്ടങ്ങളോ അഭിരുചികളോ പരിഗണിക്കപ്പെടുന്നില്ല.

ഒരിക്കൽ, ഒരു മാതാവും പിതാവും പ്ലസ്ടു പഠനം പൂർത്തിയാക്കിയ കുട്ടിയേയും കൂട്ടിവന്നു. മാതാവിന് കുട്ടിയെ ഡോക്ടറാക്കാനും പിതാവിന് ചാർട്ടേഡ് അക്കൗണ്ടന്റ് ആക്കാനുമാണ് ഇഷ്ടം. എന്നാൽ ജേർണലിസം പഠിക്കണമെന്നാണ് മകന്. ഡോക്ടറാണ് നല്ലതെന്ന് മാതാവും സി.എയാണ് നല്ലതെന്ന് പിതാവും വാശിപിടിച്ചു. രണ്ടുപേരും തമ്മിൽ പൊരിഞ്ഞ വാദപ്രതിവാദം, അവർ യോജിച്ച് സംസാരിച്ച ഒരേയൊരു കാര്യം കുട്ടിയുടെ തീരുമാനം അബദ്ധമാണെന്നതാണ്.

കുട്ടികളുടെ കഴിവും അഭിരുചിയും മനസ്സിലാക്കി കുട്ടിക്കാലം മുതൽക്കുതന്നെ അവരിൽ ലക്ഷ്യബോധം ഉണ്ടാക്കാൻ ശ്രമിക്കണം. തനിക്ക് നേടിയെടുക്കാൻ സാധിക്കാത്തത് കുട്ടിയിലൂടെ നേടിയെടുക്കണമെന്നാണ് മിക്ക രക്ഷിതാക്കളുടെ ആഗ്രഹം. ആ ശ്രമം അപകടം ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുക.

ഇന്ന് ഭൂരിഭാഗം രക്ഷിതാക്കളും ഭൗതികജീവിതം മാത്രം ലക്ഷ്യം വെച്ചാണ് കുട്ടികളിൽ ലക്ഷ്യബോധം ഉണ്ടാക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും. ഒരിക്കൽ ഒരു രക്ഷിതാവ് തന്റെ സങ്കടം പങ്കുവെക്കുകയുണ്ടായി:

“എന്റെ മകൻ എഞ്ചിനീയറാകണമെന്ന ആഗ്രഹത്താൽ കഷ്ടപ്പെട്ട് പഠിപ്പിച്ചു. അവൻ പഠിച്ച് നല്ല മാർക്ക് വാങ്ങി, എഞ്ചിനീയറായി. നല്ല ശമ്പളമുള്ള ജോലിയും കിട്ടി. പക്ഷെ എന്നോടും അവന്റെ മാതാവിനോടുമുള്ള സമീപനം വളരെ മോശം, മാത്രമല്ല അവന്റെ അധാർമിക ജീവിതം കാണുമ്പോൾ... ”

സങ്കടം സഹിക്കവയ്യാതെ അയാളുടെ ശബ്ദമിടറി. കുറച്ചുകഴിഞ്ഞ് ആത്മഗതം ചെയ്തു: “ഞാൻ അവനെ നല്ല ശമ്പളം കിട്ടുന്ന ഉദ്യോഗസ്ഥനാക്കാനാണല്ലോ ആഗ്രഹിച്ചത്, അത് നേടി, അവന് ധർമവും അധർമവും പറഞ്ഞുകൊടുക്കാൻ ഞാൻ സമയം കണ്ടെത്തിയിരുന്നില്ലല്ലോ.”

ഉന്നത വിദ്യാഭ്യാസവും ജോലിയുമുള്ളവരിൽ അധികംപേരും അവരുടെ സാമ്പത്തികനേട്ടത്തിൽ മാത്രം ശ്രദ്ധ പതിപ്പിക്കുന്നവരാണ്. അതിനുവേണ്ടി എന്ത് ക്രൂരകൃത്യവും ചെയ്യുവാൻ അവർക്ക് മടിയില്ല. വിദ്യാസമ്പന്നർക്കെങ്ങനെ ഇങ്ങനെ ചെയ്യാൻ സാധിക്കുന്നു? തീർച്ചയായും ഇതിനു കാരണം രക്ഷിതാക്കളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

രക്ഷിതാക്കൾ കുട്ടികളിൽ മൂന്നുതരത്തിലുള്ള ലക്ഷ്യബോധം വളർത്താനാണ് ശ്രദ്ധിക്കേണ്ടത്. വ്യക്തിഗതലക്ഷ്യം, സാമൂഹ്യലക്ഷ്യം (ബാധ്യത), പരമോന്നത ലക്ഷ്യം എന്നിവയാണത്.

വ്യക്തിഗതലക്ഷ്യത്തിൽ വിദ്യാഭ്യാസവും ജോലിയും, സാമൂഹ്യലക്ഷ്യത്തിൽ സാമൂഹ്യജീവിതം, സാമൂഹ്യബാധ്യത, കുടുംബ ബന്ധം എന്നിവയും ഉൾപ്പെടുന്നു. ഒരു കുട്ടി പഠിച്ചുവളർന്ന് ജോലിയിൽ പ്രവേശിച്ചാൽ എങ്ങനെ ജനങ്ങളെ സേവിക്കാം, ജീവകാരുണ്യ പ്രവർത്തനം ജോലിയിലൂടെയും അല്ലാതെയും എങ്ങനെ നടത്താം എന്നിങ്ങനെയുള്ള കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിൽ ശ്രദ്ധിച്ചാൽ സാമൂഹ്യലക്ഷ്യം സാക്ഷാത്കരിക്കും.

പരമോന്നത ലക്ഷ്യത്തെ വിശ്വാസവുമായി ബന്ധപ്പെടുത്താം. നമ്മുടെ ഓരോരുത്തരുടെയും ലക്ഷ്യം പരലോകമാണെന്ന് വിശ്വസിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ പരമോന്നത ലക്ഷ്യം സാക്ഷാത്കരിക്കുന്നു. പരലോകജീവിതമാണ് പരമലക്ഷ്യമെന്ന് കണ്ട കുട്ടിക്ക് ആദ്യത്തെ രണ്ട് ലക്ഷ്യത്തിനും വ്യക്തമായ ബോധമുണ്ടായിരിക്കുകയും അത് പ്രാവർത്തികമാക്കാൻ വേണ്ട ശക്തി ലഭിക്കുകയും ചെയ്യും.

ഉന്നതവിദ്യാഭ്യാസവും ജോലിയും നേടിയവർക്ക് വ്യക്തിഗതലക്ഷ്യം മാത്രമേ പലപ്പോഴും മുതിർന്നവരിൽനിന്ന് ലഭിച്ചിട്ടുണ്ടാകുകയുള്ളൂ. അതുതന്നെയാണ് അവർക്ക് സമൂഹബാധ്യതയും ധാർമികബോധവും ഇല്ലാതിരിക്കാൻ കാരണവും. മൂന്ന് ലക്ഷ്യവും ഒരുപോലെ കിട്ടുന്ന കുട്ടി യോഗ്യനായ, സമൂഹബോധമുള്ള, ധാർമിക ചിട്ടയുള്ള, ഒരുവനായി ജീവിക്കാൻ കഴിവ് നേടുമെന്ന് തീർച്ച. ●